പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 3175 — 14. 07. 2015 ൽ മറുപടിക്ക്

## സ്വാശ്രയ കുടിവെള്ള പദ്ധതികൾക്കുള്ള വൈദ്യുതി നിരക്ക്

ചോദ്യം — ഉത്തരം

ശ്രീ. കെ. രാധാകൃഷ്ണൻ — ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സ്വാശ്രയ കുടിവെള്ള പദ്ധതിക്കൾക്ക് യൂണിറ്റൊന്നിന് എത്ര രൂപ നിരക്കിലാണ് വൈദ്യുതി നൽകുന്നതെന്ന് പറയാമോ ; | (എ) സ്വാശ്രയ കുടിവെള്ള പദ്ധതികൾക്ക് നിലവിലുള്ള വൈദ്യുതി ചാർജ്ജ് അനുബന്ധം -1 ആയി കൊടുത്തിരിക്കുന്നു. |
| (ബി) കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കേരള വാട്ടർ അതോറിറ്റിക്കോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ പദ്ധതികൾ നിർവ്വഹിക്കാൻ കഴിയാത്ത സാഹചര്യത്തിൽ പൊതുജനങ്ങളുടെ കൂട്ടായ്മയിൽ നടത്തി വരുന്ന പ്രസ്തുത സ്വാശ്രയ കുടിവെള്ള പദ്ധതിക്കൾക്ക് ഉയർന്ന വൈദ്യുതി നിരക്കാണ് ചുമത്തുന്നതെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ, ജലധാര, ജലനിധി, സ്വജലധാര പദ്ധതികൾ പ്രകാരമുള്ള കുടിവെള്ള പദ്ധതികളും MLA, MP -മാരുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കുടിവെള്ള പദ്ധതികൾ, രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി പ്രകാരം ഗുണഭോക്തൃ കമ്മിറ്റികൾ നടത്തുന്ന കുടിവെള്ള പദ്ധതികൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് സ്ഥാപിച്ചിട്ടുള്ള കുടിവെള്ള പദ്ധതികൾ എന്നിവയ്ക്കുള്ള വൈദ്യുതി (LT VI (E) താരിഫ് പ്രകാരമാണ്.<br><br>ഈ കുടിവെള്ള പദ്ധതികൾക്ക് ബില്ല് ചെയ്യുന്നത് താഴെ പറയുന്ന പ്രകാരമാണ്.<br><br>കുടിവെള്ള പദ്ധതിയുടെ ആകെ വൈദ്യുതി ഉപയോഗം എനർജി മീറ്ററിൽ നിന്ന് കണക്കാക്കിയ ശേഷം, അതിനെ ആകെ ഗുണഭോക്താക്കളുടെ എണ്ണം കൊണ്ട് ഹരിക്കുമ്പോൾ, ഒരു ഗുണഭോക്താവിന്റെ ഉപഭോഗം ലഭ്യമാകും. ഈ ഉപഭോഗത്തിന്റെ വൈദ്യുതി ചാർജ്ജ് നിലവിലുള്ള വൈദ്യുതി നിരക്കിൽ കണക്കാക്കുകയും പ്രസ്തുത |

| | |
|---|---|
| | ചാർജ്ജിനെ ആകെ ഗുണഭോക്താക്കളുടെ എണ്ണം കൊണ്ട് ഗുണിക്കുകയും ചെയ്യുമ്പോൾ കുടിവെള്ള പദ്ധതിയുടെ ആകെ വൈദ്യുതി ചാർജ്ജ് ലഭ്യമാകും. ടി രീതിയിൽ വൈദ്യുതി ചാർജ്ജ് കണക്കാക്കുമ്പോൾ, ഗുണഭോക്താക്കളുടെ ശരാശരി പ്രതിമാസ ഉപഭോഗം 50 യൂണിറ്റിൽ താഴെയാണെങ്കിൽ എനർജി ചാർജ്ജ് 2 രൂപ 80 പൈസ മാത്രമാണ്. ടി താരിഫ് ഗാർഹിക ഉപഭോക്താക്കളുടെ നിരക്കിന് സമാനമാണ്. |
| (സി) സംസ്ഥാനത്തെ പ്രസ്തുത കുടിവെള്ള പദ്ധതികൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (സി) 16.08.2014 -ൽ നിലവിൽ വന്ന താരിഫ് പരിഷ്കരണ ഉത്തരവിലൂടെ കുടിവെള്ള പദ്ധതികളുടെ താരിഫ് പരിഷ്കരിച്ച് LT I ഗാർഹിക നിരക്കിലുള്ള താരിഫിൽ നിന്ന് LT VI (E) ജനറൽ ആക്കി മാറ്റിയിട്ടുണ്ട്. നിലവിലെ താരിഫ് പ്രകാരം, മേൽപ്പറഞ്ഞ കുടിവെള്ള പദ്ധതികളിലെ ഒരു ഗുണഭോക്താവിന്റെ ശരാശരി ഉപയോഗം 50 യൂണിറ്റ് വരെയാണെങ്കിൽ, ടി നിരക്കുകൾ നിലവിലെ ഗാർഹിക വൈദ്യുതി നിരക്കുകൾക്ക് സമാനമാണ്.<br><br>സംസ്ഥാനത്ത് താരിഫ് പരിഷ്കരിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. പ്രതിമാസം 50 യൂണിറ്റുവരെ വൈദ്യുതി മേൽപ്പറഞ്ഞ കുടിവെള്ള പദ്ധതികളിൽ ഉപയോഗിക്കുന്ന ഗുണഭോക്താവിന്റെ താരിഫ് ഗാർഹിക ഉപഭോക്താവിന്റെ താരിഫിന് സമാനമാകയാൽ, ഇപ്പോഴത്തെ നിരക്ക് കൂടുതലല്ല എന്നാണ് വിലയിരുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

U.O. ഠാ. No. 3175

അനുബന്ധം - I

**എൽ ടി VI(ഇ)-ജനറൽ**

ഇലക്ഷൻ കമ്മീഷൻ അംഗീകരിച്ച രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകൾ, ലൈബ്രറികൾ ,2000 വാട്ട്സിൽ താഴെകണക്റ്റഡ് ലോഡുള്ള സ്പോർട്ട്സ് ആൻറ് ആർട്ട്സ് ക്ലബ്ബുകൾ, തുഴച്ചിൽ/ നീന്തൽ പരിശീലന കേന്ദ്രങ്ങൾ, ജിംനേഷ്യം, **പൂർണ്ണമായും ഗാർഹീക ഉപയോഗത്തിനുള്ള കുടിവെള്ള പദ്ധതികൾ**

| പ്രതിമാസ ഫിക്സഡ് ചാർജ്ജ് (രൂപ/കണക്ഷൻ) | പുതുക്കിയ നിരക്ക് |
|---|---|
| സിംഗിൾ ഫേസ് ഉപഭോക്താക്കൾ | 20 |
| ത്രീഫേസ് ഉപഭോക്താക്കൾ | 60 |
| എനർജി ചാർജ്ജ്(രൂപ /യൂണിറ്റ്) | |
| പ്രതിമാസ ഉപഭോഗം(യൂണിറ്റിൽ | |
| 50 യൂണിറ്റ് വരെ | 2.80 |
| 120 യൂണിറ്റ് വരെ | 3.80 |
| 200 യൂണിറ്റ് വരെ | 4.50 |
| 200യൂണിറ്റിന് മുകളിൽ | 6.30 |

സെക്ഷൻ ഓഫീസർ